**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 109** **10-06-2024 - ൽ മറുപടിയ്ക്ക്**

**പെട്രോൾ പമ്പ് ഉടമകൾക്ക് നൽകാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് വാഹനങ്ങൾക്ക് ഇന്ധനം നൽകിയ ഇനത്തിൽ സംസ്ഥാനത്തെ പെട്രോൾ പമ്പ് ഉടമകൾക്ക് ഭീമമായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന വിവരം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും പമ്പ് ഉടമകൾക്ക് നൽകാനുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | **പരിശോധിച്ചിട്ടുണ്ട്. പോലീസ് വകുപ്പിന്റെ വാഹനങ്ങൾക്ക് ഇന്ധനം നൽകുന്നതിന് സർക്കാർ, അർദ്ധസർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുമായും, സ്വകാര്യ സ്ഥാപനങ്ങളുമായും കരാറുകൾ നിലവിലുണ്ട്. വ്യത്യസ്ത അളവിൽ ഇന്ധനം നൽകുന്നതിനാണ് ഈ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുള്ളത്. വിവിധ കാലയളവിൽ ധനലഭ്യതയനുസരിച്ചാണ് ഇവർക്ക് പണം നൽകി വരുന്നത്. ഭീമമായ തുക കുടിശ്ശിക വന്ന സാഹചര്യം എപ്പോഴും ഉണ്ടായിട്ടില്ല.** |
| (ബി) | കുടിശ്ശിക നൽകാനുള്ളതുകൊണ്ട് പമ്പ് ഉടമകൾ ഇന്ധനം നൽകാത്തതിനാൽ പോലീസ് വാഹനങ്ങൾ കട്ടപ്പുറത്താവുകയും പോലീസിന്റെ പട്രോളിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ പ്രതിസന്ധി നേരിടുകയും ചെയ്യുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ? | (ബി) | **ശ്രദ്ധയിൽപെട്ടിട്ടില്ല.** |

സെക്ഷൻ ഓഫീസർ